**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5656** — **24.05.2017-ൽ മറുപടിക്ക്**

**സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സുപ്രീംകോടതി നിർദ്ദേശപ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ പഠനത്തെതുടർന്ന് സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിരുന്നോ; | (എ) യും (ബി) യും നിർദ്ദേശിച്ചിരുന്നു. |
| (ബി) പ്രസ്തുത നിർദ്ദേശ പ്രകാരം 2016 ഒക്ടോബർ 20 ന് മുൻപ് സ്വീകരിച്ച നടപടി അറിയിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ; | |
| (സി) പ്രസ്തുത നിർദ്ദേശ പ്രകാരം കേന്ദ്രത്തിന് വിശദാംശം നല്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) ഇല്ല. നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20000 രൂപയായി നിശ്ചയിക്കണമെന്ന ശിപാർശ, സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയുടെ അഭിപ്രായത്തിനായി നൽകിയിരുന്നു. റിപ്പോർട്ട് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേന്ദ്രത്തിന് മറുപടി നൽകാൻ സാധിക്കുകയുള്ളൂ. |
| (ഡി) സ്വകാര്യമേഖലയിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) 28.10.2016-ലെ സ.ഉ.(സാധാ) 1334/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നിലവിലുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പുതിയതായി രൂപീകരിച്ച കമ്മിറ്റി എല്ലാ |

ജില്ലകളിലും തെളിവെടുപ്പ് നടത്തി വരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന നേഴ്സുമാരടക്കമുള്ള തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.